പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2264 **27-10-2026-ൽ മറുപടിയ്ക്ക്**

തേഞ്ഞിപ്പലം ഫയർ സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) 2026-27 ബജറ്റിൽ പ്രഖ്യാപിച്ച തേഞ്ഞിപ്പാലം ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: തേഞ്ഞിപ്പാലം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2026- 27 ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II , വാല്യം II ലെ ക്രമ നമ്പർ 5086 പ്രകാരം ആകെ ₹1000 ലക്ഷം പദ്ധതിച്ചെലവിൽ ₹100/- പ്രാരംഭ വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

തേഞ്ഞിപ്പലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി കാലിക്കറ്റ് സർവകലാശാലാ ക്യാമ്പസിൽ, ഭൂമിയുടെ ഉടമസ്ഥാവകാശം സർവകലാശാലയിൽ നിലനിർത്തിക്കൊണ്ട്, 50 സെന്റ് സ്ഥലം അനുവദിക്കുന്നതിന് സർവകലാശാലാ അധികൃതർ തയ്യാറാക്കിയ ധാരണാപത്രം 23.02.2021-ന് ഇരുവകുപ്പുകളും അംഗീകരിച്ച് ഒപ്പുവച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ